2026
NOVEMBER
26
THURSDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



ഏഷ്യയിലെ മൂന്നാമത്തെ വൻശക്തിയായി ഇന്ത്യ

ഏഷ്യ പവർ ഇൻഡക്സ് 2026ൽ ജപ്പാനെയും റഷ്യയെയും പിന്നിലാക്കി

ന്യൂദൽഹി: ഓസ്ട്രേലിയയിലെ ലോവി ഇൻസ്റ്റിറ്റ്യൂട്ട് പുറത്തുവിട്ട 2026ലെ ഏഷ്യ പവർ ഇൻഡക്സിൽ 40.5 പോയിന്റ് നേടി ജപ്പാനെയും, റഷ്യയെയും പിന്നിലാക്കി ഇന്ത്യ ഏഷ്യയിലെ മൂന്നാമത്തെ വലിയ

ഏഷ്യ പസഫിക് മേഖലയിലെ 27 രാജ്യങ്ങളെ വിലയിരുത്തിയ പട്ടികയിൽ പസഫിക് മേഖലയിൽ നിന്ന് അമേരിക്കയ്ക്കും (78.9) ഏഷ്യൻ മേഖലയിൽ നിന്ന് ചൈനയ്ക്കും (73.6) പിന്നിൽ മേജർ പവർ (40 പോയിന്റിന് മുകളിൽ) പദവി നേടിയ ഏക രാജ്യമാണ് ഇന്ത്യ.

ആഗോള രാഷ്ട്രീയ ഭൂപടത്തിൽ ഇന്ത്യയുടെ കരുത്ത് വീണ്ടും തെളിയിക്കപ്പെടുകയാണ്. 2018ൽ ഈ പട്ടിക ആരംഭിച്ചതിന് ശേഷമുള്ള ഏറ്റവും ഉയർന്ന പോയിന്റാണ് ഇന്ത്യ ഇത്തവണ സ്വന്തമാക്കിയത്. സ്വാധീനമുള്ള നേതാക്കളിൽ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ടാമതാണ്.

ഏഷ്യ പസഫിക് മേഖലയിലെ 27 രാജ്യങ്ങളുടെ കരുത്തും, സ്വാധീനവും അളക്കുന്ന സൂചികയിൽ 40.5 പോയിന്റാണ് ഇന്ത്യ നേടിയത്. കഴിഞ്ഞ തവണത്തേക്കാൾ 0.5 പോയിന്റ് കൂടുതലാണിത്. ലോവി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാനദണ്ഡപ്രകാരം 40 പോയിന്റോ അതിൽ കൂടുതലോ നേടുന്ന രാജ്യങ്ങളെ മാത്രമാണ് വൻശക്തികളായി കണക്കാക്കുന്നത്.

ഈ പട്ടികയിൽ 78.9 പോയിന്റോടെ അമേരിക്ക ഒന്നാമതും, 73.6 പോയിന്റോടെ ചൈന രണ്ടാമതുമാണ്. ഇവർക്ക് പുറമെ ഏഷ്യയിൽ വൻശക്തി പദവി സ്വന്തമാക്കിയ ഏക രാജ്യം ഇന്ത്യയാണ്. തൊട്ടുപിന്നിലുള്ള ജപ്പാൻ (38.6 പോയിന്റ്) നാലാമതും, റഷ്യ (32.2 പോയിന്റ്) അഞ്ചാമതുമാണ്.

പ്രാദേശിക തലത്തിൽ ഏറ്റവും സ്വാധീനമുള്ള നേതാക്കളുടെ പട്ടികയിലും വലിയ മാറ്റമുണ്ടായി. മൂന്ന് സ്ഥാനങ്ങൾ മെച്ചപ്പെടുത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങിന് പിന്നിൽ രണ്ടാമതെത്തി.

27 രാജ്യങ്ങളെയും 131 സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 8 പ്രധാന വിഭാഗങ്ങളായി തിരിച്ചാണ് ലോവി ഇൻസ്റ്റിറ്റ്യൂട്ട് പോയിന്റ് നൽകുന്നത്. ഇതിൽ നാലെണ്ണം രാജ്യത്തിന്റെ കൈവശമുള്ള വിഭവങ്ങളെയും , നാലെണ്ണം അന്താരാഷ്ട്ര സ്വാധീനത്തെയും അളക്കുന്നു: വിഭവശേഷി: സാമ്പത്തിക ശേഷി (17.5%), സൈനിക ശേഷി (17.5%), പ്രതിസന്ധികളെ അതിജീവിക്കാനുള്ള ശേഷി (10%), ഭാവി വിഭവങ്ങൾ (10%).

സ്വാധീനശേഷി: സാമ്പത്തിക ബന്ധങ്ങൾ (15%), പ്രതിരോധ ശൃംഖലകൾ (10%), നയതന്ത്ര സ്വാധീനം (10%), സാംസ്കാരിക സ്വാധീനം (10%).

സാമ്പത്തിക ശേഷിയിൽ നേരിയ ഇടിവുണ്ടായിട്ടും സാംസ്കാരിക, നയതന്ത്ര, പ്രതിരോധ മേഖലകളിലുണ്ടായ സ്ഥിരതയാർന്ന വളർച്ചയാണ് ഇന്ത്യയെ മുന്നിലെത്തിച്ചത്. ജപ്പാനേക്കാൾ 1.9 പോയിന്റും, റഷ്യയേക്കാൾ 8.3 പോയിന്റും മുന്നിലാണ് ഇന്ത്യ.

ജപ്പാന്റെ പ്രത്യേകത നോക്കുമ്പോൾ മൊത്തം സ്കോറിൽ ഇന്ത്യയ്ക്ക് പിന്നിലാണെങ്കിലും, കൈവശമുള്ള പരിമിതമായ വിഭവങ്ങളെ അന്താരാഷ്ട്ര സ്വാധീനമാക്കി മാറ്റുന്നതിൽ ഏറെ മുന്നിലാണ്.

തത്കാൽ എൻ പി എസ് പദ്ധതി ഫെഡറൽ ബാങ്കിലും

കൊച്ചി: പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ആരംഭിച്ച തത്കാൽ എൻ പി എസ് പദ്ധതിയുടെ ഭാഗമായി ഫെഡറൽ ബാങ്കും. അർഹരായ ഇടപാടുകാർക്ക് നിലവിലുള്ള ബാങ്ക് കെ വൈ സി വിവരങ്ങൾ ഉപയോഗിച്ച് നാഷണൽ പെൻഷൻ സിസ്റ്റം (എൻ പി എസ്) അക്കൗണ്ട് ഇനി തൽക്ഷണം ആരംഭിക്കാം.

പൂർണമായും ഡിജിറ്റലായ ഈ സംവിധാനത്തിലൂടെ 18 മുതൽ 85 വയസ്സ് വരെ പ്രായമുള്ള ഇന്ത്യയിൽ താമസിക്കുന്ന പൗരന്മാർക്ക് ഒടിപി അടിസ്ഥാനമാക്കിയുള്ള സ്ഥിരീകരണത്തിലൂടെ എൻ പി എസ് അക്കൗണ്ട് ആരംഭിക്കാം. 250 രൂപയാണ് നിക്ഷേപിക്കേണ്ട കുറഞ്ഞ തുക. രജിസ്ട്രേഷൻ വിജയകരമായി പൂർത്തിയാകുന്നതോടെ പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ (പ്രാൺ) തൽക്ഷണം ലഭിക്കും.

അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള സമയവും രേഖാപരമായ നടപടിക്രമങ്ങളും കുറച്ച്, റിട്ടയർമെന്റ് പ്ലാനിങ് കൂടുതൽ എളുപ്പവും എല്ലാവർക്കും പ്രാപ്യവുമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. വിവിധ തൊഴിൽ മേഖലകളിലും പ്രായവിഭാഗങ്ങളിലുമുള്ളവർക്ക് ദീർഘകാല സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനും റിട്ടയർമെന്റിനായി ഒരു സമ്പാദ്യനിധി രൂപപ്പെടുത്തുന്നതിനുമുള്ള ലളിതമായ മാർഗമാണ് എൻ പി എസ്.

ആദ്യഘട്ടത്തിൽ ഭിം ആപ്ലിക്കേഷനിലൂടെയായിരിക്കും തത്കാൽ എൻ പി എസ് സേവനം ലഭ്യമാകുക. ഇതിലൂടെ രാജ്യത്തുടനീളമുള്ള ഇടപാടുകാർക്ക് പെൻഷൻ ആസൂത്രണം കൂടുതൽ ലളിതമായി ആരംഭിക്കാനാകും.

'ലളിതവും എല്ലാവർക്കും പ്രാപ്യവും ഡിജിറ്റൽ സൗഹൃദവുമായ സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്നതിൽ ഫെഡറൽ ബാങ്ക് പ്രതിജ്ഞാബദ്ധമാണ്. പി എഫ് ആർ ഡി എയുടെ തത്കാൽ എൻ പി എസ് പദ്ധതിയിലെ ഞങ്ങളുടെ പങ്കാളിത്തം ഇടപാടുകാർക്ക് തങ്ങളുടെ റിട്ടയർമെന്റ് ആസൂത്രണം അനായാസമായി ആരംഭിക്കാനും ദീർഘകാല സമ്പാദ്യപദ്ധതികളിൽ പങ്കുചേരുന്നതിന്

പ്രോത്സാഹനം പകരാനും സഹായകമാവും,'പദ്ധതിയെക്കുറിച്ച് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും റീട്ടെയിൽ ലയബിലിറ്റി & ഫീ പ്രോഡക്ട്സ് കൺട്രി ഹെഡുമായ ജോയ് പി വി പറഞ്ഞു.

തത്കാൽ എൻ പി എസ് പദ്ധതിയിലെ പങ്കാളിത്തത്തിലൂടെ ഫെഡറൽ ബാങ്ക് ഡിജിറ്റൽ സേവനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനൊപ്പം, ലളിതവും സൗകര്യപ്രദവും സാങ്കേതികവിദ്യാധിഷ്ഠിതവുമായ ബാങ്കിങ് സേവനങ്ങളിലൂടെ ഇടപാടുകാരുടെ ദീർഘകാല സാമ്പത്തിക ക്ഷേമത്തിന് പിന്തുണ നൽകുന്നത് തുടരുന്നു.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
*As Per EMI Scheme Basis *T&C Apply
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53

മികച്ച പ്രകടനത്തിന് അധിക ഓഹരികൾ: പ്രതിഫല രീതികളിൽ വൻ മാറ്റവുമായി മൈക്രോസോഫ്റ്റ്

മുംബൈ: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രംഗത്തെ മത്സരം കടുക്കുന്നതിനിടെ ജീവനക്കാരുടെ പ്രവർത്തന മികവും പ്രതിഫലവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കാൻ മൈക്രോസോഫ്റ്റ് ഒരുങ്ങുന്നു. കമ്പനിയുടെ സുപ്രധാന ക്ലൗഡ് വിഭാഗമായ അസ്യൂറിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന ജീവനക്കാർക്ക് അധിക ഓഹരി ആനുകൂല്യങ്ങൾ നൽകാനാണ് തീരുമാനം.

അസ്യൂർ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അരുൺ ഉലഗരാച്ചഗൻ ജീവനക്കാർക്ക് അയച്ച ആഭ്യന്തര മെമ്മോയിലാണ് ഈ നിർണ്ണായക മാറ്റങ്ങൾ വ്യക്തമാക്കിയിട്ടുള്ളതെന്ന് ബ്ലൂംബെർഗ് റിപ്പോർട്ട് ചെയ്യുന്നു.

മികച്ച സംഭാവനകൾ നൽകുന്നവർക്ക് ഗണ്യമായ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനൊപ്പം, പ്രതീക്ഷിച്ച നിലവാരത്തിലെത്താത്തവരുടെ കാര്യത്തിൽ കർശനമായ നിലപാട് സ്വീകരിക്കാനുമാണ് കമ്പനിയുടെ നീക്കം.

പുതിയ നയമനുസരിച്ച് ഏറ്റവും ഉയർന്ന പ്രകടന റേറ്റിങ് നേടുന്ന ജീവനക്കാർക്ക് അധിക ഓഹരികൾ ലഭിക്കുമെങ്കിലും ഇതിന്റെ കൃത്യമായ കണക്കുകൾ കമ്പനി പുറത്തുവിട്ടിട്ടില്ല.

അതേസമയം, പ്രകടനത്തിൽ പിന്നോട്ട് നിൽക്കുന്ന ജീവനക്കാരുമായി മാനേജർമാർ ഔദ്യോഗിക കൂടിക്കാഴ്ചകൾ നടത്തുകയും, മെച്ചപ്പെടുത്തേണ്ട മേഖലകൾ കൃത്യമായി നിർദേശിക്കുകയും ചെയ്യും. ജീവനക്കാർക്ക് വ്യക്തമായ ലക്ഷ്യങ്ങളും കൃത്യസമയത്തുള്ള പ്രതികരണങ്ങളും ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് മൈക്രോസോഫ്റ്റ് വക്താവ് വ്യക്തമാക്കി.

എഐ മോഡലുകൾ വികസിപ്പിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വൻതോതിലുള്ള ക്ലൗഡ് കമ്പ്യൂട്ടിങ് സൗകര്യങ്ങൾ അനിവാര്യമായതോടെ ആമസോൺ, ഗൂഗിൾ എന്നീ കമ്പനികളിൽ നിന്ന് അസ്യൂർ കടുത്ത മത്സരമാണ് നേരിടുന്നത്. ഈ സാഹചര്യത്തിൽ പഴയ പോരായ്മകൾ പരിഹരിച്ച് പ്രവർത്തന മികവിൽ വലിയ മുന്നേറ്റം ഉണ്ടാക്കണമെന്ന് ജീവനക്കാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. എഐ അടിസ്ഥാന സൗകര്യങ്ങളിൽ വൻ നിക്ഷേപം നടത്തുന്നതിനൊപ്പം ജീവനക്കാരുടെ ഘടനയിലും കമ്പനി മാറ്റങ്ങൾ വരുത്തുന്നുണ്ട്.

ഇതിന്റെ ഭാഗമായി ഒക്ടോബറിൽ ഇന്ത്യയിലേതടക്കം അർഹരായ വിവിധ ടീമുകളിലെ ഏകദേശം 60,000 ജീവനക്കാർക്ക് സ്വമേധയാ ജോലി വിടാനുള്ള അവസരം മൈക്രോസോഫ്റ്റ് നൽകിയിരുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY



വയനാട് ടൗൺഷിപ് രണ്ടാം ഘട്ടം: 149 വീടുകളുടെ നിർമാണം പൂർത്തിയാകുന്നു

കൽപറ്റ: മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിലെ അതിജീവിതർക്കായി വയനാട് ടൗൺഷിപ്പിലെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ 149 വീടുകളുടെ നിർമാണം പൂർത്തിയാകുന്നു. രണ്ടാംഘട്ടത്തിൽ നിർമിക്കുന്ന വീടുകളും കൈമാറുന്നതോടെ 327 കുടുംബങ്ങൾക്കാണ് വീടുകൾ ലഭിക്കുക. സോൺ ഒന്നിൽ 23, സോൺ മൂന്നിൽ ആറ്, സോൺ നാലിൽ 14, സോൺ അഞ്ചിൽ 106 വീടുകളുമാണ് രണ്ടാം ഘട്ടത്തിൽ തയാറാകുന്നത്. ടൗൺഷിപ്പിൽ അങ്കണവാടി, ആരോഗ്യകേന്ദ്രം, മാർക്കറ്റ്, പൊതു ശുചിമുറി, റോഡ് എന്നിവ ഡിസംബറോടെ സജ്ജമാക്കും.

വയനാട് രാജ്യത്തെ ആദ്യ സമ്പൂർണ ഇമാലിന്യമുക്ത ജില്ല; പ്രഖ്യാപനം നവംബർ 27ന്

കുട്ടികളുടെ പരിചരണം, ആരോഗ്യ സംരക്ഷണം, ദൈനംദിന ആവശ്യങ്ങൾ എന്നിവയ്ക്കുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. വീടുകളിലെ മാലിന്യം വേർതിരിച്ച് സംസ്കരിക്കാൻ ത്രീ ലെയർ ബയോ കമ്പോസ്റ്റ് ബിന്നുകൾ നൽകിയിട്ടുണ്ട്. ഓരോ വീട്ടിലും രണ്ട് കിലോവാട്ട് ശേഷിയുള്ള നെറ്റ് മീറ്ററിങ് സംവിധാനത്തിൽ പ്രവർത്തിക്കുന്ന റൂഫ്ടോപ്പ് സൗരോർജ പ്ലാന്റ് കൂടി വരുന്നതോടെ ജില്ലയിലെ റസിഡൻഷ്യൽ സൗരോർജ കൂട്ടായ്മകളിലൊന്നായി ടൗൺഷിപ് മാറും.



വരടിമലയിൽ അപൂർവയിനം പിങ്ക് പുൽച്ചാടി

അഗളി: അട്ടപ്പാടി വരടിമലയിൽ അപൂർവയിനം പുൽച്ചാടിയെ കണ്ടെത്തി. അട്ടപ്പാടി സഹകരണ ഫാമിങ് സൊസൈറ്റിയുടെ വരടിമല ഫാമിലാണ് പിങ്ക് നിറത്തിലുള്ള പുൽച്ചാടിയെ (പിങ്ക് ഗ്രാസ്ഹോപ്പർ) ഫാം യൂണിറ്റ് ഓഫിസർ നൗഷാദ് ചേന്നാട്ടിൽ കണ്ടത്. സമൂഹമാധ്യമത്തിൽ നൗഷാദ് പങ്കുവച്ച ഫോട്ടോകളും വിവരങ്ങളും ശ്രദ്ധയിൽപെട്ട തൃശൂർ കണ്ണാറ വാഴഗവേഷണ കേന്ദ്രത്തിലെ എൻഡമോളജിസ്റ്റ് പ്രഫ. ഡോ. ഗവാസ് രാകേഷ്, നൗഷാദിന്റെ പക്കൽനിന്ന് വിവരങ്ങൾ ശേഖരിച്ചു.

സാധാരണയായി പച്ച, തവിട്ട് നിറങ്ങളിലാണ് ഇവയെ കാണാറ്. ജനിതകമാറ്റം സംഭവിച്ചാണ് പിങ്ക് നിറമുണ്ടാകുന്നത്. ലക്ഷത്തിൽ ഒരെണ്ണം മാത്രമേ ഇങ്ങനെയുണ്ടാകൂ. എരിത്രിസം എന്നാണ് ഈ ജനിതകമാറ്റത്തെ വിളിക്കുന്നത്. 6 വർഷം മുൻപ് പത്തനംതിട്ട ജില്ലയിൽ പിങ്ക് പുൽച്ചാടിയെ കണ്ടെത്തിയിരുന്നതായി ഡോ. ഗവാസ് പറഞ്ഞു. പിങ്ക് നിറം പെട്ടെന്ന് ശ്രദ്ധിക്കപ്പെടുന്നതിനാൽ പക്ഷികൾ ഇവയെ എളുപ്പത്തിൽ വേട്ടയാടും. വരടിമലയിൽ കണ്ട പുൽച്ചാടിയെ ലാബിൽ വളർത്തുമെന്ന് ഡോ.ഗവാസ് പറഞ്ഞു.



അമലയിൽ ദേശീയ നവജാത ശിശു വാരാചരണം

തൃശൂർ: അമല മെഡിക്കൽ കോളജ് എൻഐസിയു, ശിശുരോഗ വിഭാഗങ്ങളുടെയും ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക് ആൻഡ് നാഷണൽ നിയനെറ്റോളജി ഫോറത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ ദേശീയ നവജാത ശിശു വാരാചരണത്തിന്റെയും പ്രീമെച്യൂരിറ്റി ദിനാചരണത്തിന്റെയും ഉദ്ഘാടനം അമല ജോയിൻറ് ഡയറക്ടർ ഫാ. ഷിബു പുത്തൻപുരയ്ക്കൽ സിഎംഐ നിർവഹിച്ചു.

പ്രിൻസിപ്പൽ ഡോ. ബെറ്റ്സി തോമസ്, ഗൈനക്കോളജി പ്രഫസർ ഡോ. പി.എസ്. രമണി, നിയോനെറ്റോളജി വിഭാഗം മേധാവി ഡോ. രോഹിത് ശശിധരൻ, ഡോ. സിസ്റ്റർ ജൂലിയ, ഡോ. കല്യാണി പിള്ള, ഡോ. ദേവിക, നഴ്സിംഗ് സൂപ്രണ്ട് സിസ്റ്റർ ടെസ എന്നിവർ പ്രസംഗിച്ചു.

നയീചേതന 5.0 ജെൻഡർ കാമ്പയിന് അട്ടപ്പാടിയിൽ തുടക്കം

അഗളി: കേന്ദ്ര ഗ്രാമവികസന മന്ത്രാലയം എൻആർഎൽഎം പദ്ധതി മുഖാന്തിരം ദേശവ്യാപകമായി 25 മുതൽ ഡിസംബർ 23 വരെ നടപ്പാക്കുന്ന അഞ്ചാംഘട്ട ജെൻഡർ കാമ്പയിൻ നയീചേതന 5.0 വിവിധ പരിപാടികളോടെ തുടക്കമായി.

ലിംഗാധിഷ്ഠിത വിവേചനങ്ങൾക്കെതിരെ പ്രവർത്തിക്കുന്നതിനും സ്ത്രീകളെ പിന്നോട്ടു വലിക്കുന്ന സാമൂഹിക അനീതികളെ ചെറുക്കുന്നതിനുമായി സ്ത്രീകളുടെ കൂട്ടായ്മയും കരുത്തും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ കാമ്പയിനിന്റെ ലക്ഷ്യം. കുടുംബശ്രീ അട്ടപ്പാടി ആദിവാസി സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി നടന്ന നയീചേതന 5.0 ന്റെ ഉദ്ഘാടനം കുടുംബശ്രീ പഞ്ചായത്ത് സമിതി പ്രസിഡൻറുമാരും സെക്രട്ടറിമാരും ചേർന്ന് നിർവഹിച്ചു.

പരിപാടിയുടെ ഭാഗമായി ജെൻഡർ പ്രതിജ്ഞ, പോസ്റ്റർ പ്രകാശനം എന്നിവ നടന്നു. നയീചേതന 5.0 കാമ്പയിനിന്റെ പദ്ധതി വിശദീകരണം പ്രോജക്ട് കോഓർഡിനേറ്റർ കെ.ജെ. ജോമോൻ നിർവഹിച്ചു. തൊഴിലുറപ്പും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തവും തൊഴിൽ പ്ലാൻ തയാറാക്കലും എന്ന വിഷയത്തിൽ അട്ടപ്പാടി ബിപിഒ ബി.എസ്. മനോജ് ക്ലാസ് നയിച്ചു. പഞ്ചായത്ത് സമിതി കോഓർഡിനേറ്റർമാർ, അക്കൗണ്ടൻറുമാർ, ആനിമേറ്റർമാർ, സ്നേഹിത സ്റ്റാഫ് എന്നിവർ പങ്കെടുത്തു.



സൊസൈറ്റി ടുഡേ
SOCIETY TODAY



കൊല്ലം കടലിലെ എണ്ണ പര്യവേക്ഷണം അവസാനിപ്പിച്ചു

കൊല്ലം: കടലിൽ കൊല്ലം തീരത്തോടു ചേർന്ന് ഓയിൽ ഇന്ത്യ ലിമിറ്റഡ് നടത്തി വന്ന എണ്ണ,പ്രകൃതി വാതക പര്യവേക്ഷണം അവസാനിപ്പിച്ചു. 6 കിലോമീറ്റർ താഴ്ചയിൽ വരെ ഡ്രില്ലിങ് നടത്തി 3 മേഖലകളായി സാംപിൾ പരിശോധന നടത്തിയിട്ടും ഫലം നെഗറ്റീവ് ആയതോടെയാണിത്. എണ്ണയുടെയോ പ്രകൃതി വാതകത്തിന്റെയോ സാന്നിധ്യം സാംപിൾ പരിശോധനയിൽ കണ്ടെത്താനായില്ലെന്നാണു വിവരം. ഇന്ത്യൻ മഹാസമുദ്രത്തിൽ നടത്തിയ ഏറ്റവും ആഴമേറിയ പര്യവേക്ഷണത്തിനായി സ്ഥാപിച്ച ജാക് അപ് റിഗ്ഗുകൾ ടഗ് ബോട്ടുകളുടെ സഹായത്തോടെ കഴിഞ്ഞ ദിവസം മുംബൈയിലേക്കു നീക്കി. റിഗ്ഗിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെയും പിൻവലിച്ചു.

ഡ്രിൽ ചെയ്ത ഭാഗങ്ങൾ പൂർണമായും വെൽ സിമന്റിങ് നടത്തിയാണ് ഇന്ധന പര്യവേക്ഷണത്തിനു കരാർ എടുത്തിരുന്ന ഇംഗ്ലണ്ട് ആസ്ഥാനമായ ഹാലി ബ്രിട്ടൻ കമ്പനി ജാക് അപ് റിഗ്ഗുകൾ നീക്കം ചെയ്തത്. കൊല്ലത്തിനും ആലപ്പാടിനും മധ്യേ 3000 മുതൽ 6000 മീറ്റർ വരെ താഴ്ചയിൽ നടത്തിയ വെൽ ടെസ്റ്റുകളുടെ ഫലം നെഗറ്റീവ് ആയിരുന്നു. ഒരു എണ്ണക്കിണറിൽ എത്രത്തോളം ക്രൂഡ് ഓയിൽ അല്ലെങ്കിൽ പ്രകൃതി വാതകം ഉണ്ട്, അതിന്റെ കാഠിന്യം എത്ര?, അത് ഏതു വേഗത്തിലും മർദത്തിലും പുറത്തെടുക്കാൻ സാധിക്കും എന്നിവ ശാസ്ത്രീയമായി പരിശോധിക്കുന്ന പ്രക്രിയയാണ് വെൽ ടെസ്റ്റിങ്.

മാസത്തോളം നീണ്ട പര്യവേക്ഷണത്തിനു വിരാമമായെങ്കിലും കൊല്ലം തീരത്തു തന്നെ മറ്റൊരു ഭാഗത്ത് ഓയിൽ ഇന്ത്യയുടെ സർവേ നടക്കുന്നതായും വിവരമുണ്ട്. കൊല്ലം ആഴക്കടലിൽ ഇന്ധന പര്യവേക്ഷണത്തിനു ഹാലി ബ്രിട്ടൻ കമ്പനിയുമായി 1287 കോടി രൂപയുടെ കരാറിലാണു കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിനു കീഴിലുള്ള ഓയിൽ ഇന്ത്യ ലിമിറ്റഡ് ഏർപ്പെട്ടത്.



വൈറ്റിലയിലെ ചന്ദർകുഞ്ച് മാർച്ചിൽ പൊളിക്കും

കൊച്ചി: സിൽവർ സാൻഡ് ഐലൻഡിൽ സ്ഥിതി ചെയ്യുന്ന ചന്ദർകുഞ്ജ് ആർമി ടവേഴ്സിലെ സുരക്ഷിതമല്ലാത്ത ബി, സി ടവറുകൾ പൊളിച്ചുനീക്കുന്നതിനുള്ള കരാർ ഒപ്പുവച്ചു. ഒക്ടോബർ 21ന് ഫോർട്ട് കൊച്ചി ആർഡിഒ ജി.സായ് കൃഷ്ണയും മുംബൈ കേന്ദ്രമായ എഡിഫൈസ് എൻജിനീയറിങ് പ്രതിനിധി ഷാജി കോശിയുമാണ് കരാറിൽ ഒപ്പിട്ടത്. ദക്ഷിണാഫ്രിക്കൻ കമ്പനിയായ ജെറ്റ് ഡിമോളിഷനുമായി സഹകരിച്ചാണ് എഡിഫൈസ് എൻജിനീയറിങ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഹൈക്കോടതി ഉത്തരവിട്ട് 22 മാസങ്ങൾക്ക് ശേഷമാണ് കെട്ടിടം പൊളിക്കുന്ന നടപടികളിലേക്ക് നീങ്ങുന്നത്.

നിയന്ത്രിത സ്ഫോടനത്തിലൂടെ 26 നിലകളുള്ള ഈ ഇരട്ട ടവറുകൾ പൊളിച്ചുനീക്കാൻ ആറുമാസത്തെ സമയപരിധിയാണ് നിശ്ചയിച്ചിരിക്കുന്നത്. 2027 ഏപ്രിൽ മധ്യത്തോടെ പൊളിക്കൽ നടത്താനാണ് പ്രാഥമികമായി തീരുമാനിച്ചിരിക്കുന്നത്. അവശിഷ്ടങ്ങൾ 2 മാസത്തിനുള്ളിലും നീക്കും. ടവറുകളിലെ ഉടമകൾ അപ്പാർട്മെന്റുകളുടെ താക്കോലുകൾ ഹൈക്കോടതി ഉത്തരവനുസരിച്ച് തഹസിൽദാറുടെ സാന്നിധ്യത്തിൽ ആർമി വെൽഫെയർ ഹൗസിങ് ഓർഗനൈസേഷന് (എഡബ്ല്യുഎച്ച്ഒ) കൈമാറിത്തുടങ്ങി. താക്കോൽ കൈമാറ്റം ഈയാഴ്ച പൂർത്തിയാകും. എല്ലാം പൂർത്തിയായാൽ മാർച്ചിൽ പൊളിക്കാനാണ് തീരുമാനം.

മരട് ഫ്ളാറ്റുകൾ പൊളിച്ച എഡിഫൈസ് എൻജിനീയറിങ്ങാണ് ഇതിന്റെയും കരാറുകാർ. എഡിഫൈസ് കമ്പനിയുടെ പ്രോജക്ട് മാനേജറും ഫോർട്ട്കൊച്ചി ആർഡിഒയുമാണ് കരാറിൽ ഒപ്പിട്ടുള്ളത്. 26 നിലകൾ വീതമുള്ള ഇരട്ട ടവറുകൾ പൊളിച്ച് അവശിഷ്ടങ്ങൾ നീക്കുന്നത് ഉൾപ്പെടെ ജിഎസ്ടിക്ക് പുറമേ 9.66 കോടി രൂപയ്ക്കാണ് കരാർ.

ഇതിൽ 6.25 കോടി രൂപ ടവറുകളിലെ ലിഫ്റ്റ് ഒഴികെയുള്ള സാധന സാമഗ്രികൾക്കുള്ള വിലയായാണ് കണക്കാക്കിയിട്ടുള്ളത്. പുനരുപയോഗിക്കാവുന്ന സാമഗ്രികളുടെ മൂല്യമടക്കം 15 കോടിയോളമാണ് ആകെ ചെലവ് പ്രതീക്ഷിക്കുന്നത്. 9.66 കോടി രൂപ എഡബ്ല്യുഎച്ച്ഒ എസ്ക്രോ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇരട്ട ടവറുകൾക്ക് സമീപത്തെ 14 നില എ ടവറിന്റെ സുരക്ഷയും സൗകര്യങ്ങളും ഉറപ്പാക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടെയാണ് കരാർ. ഇരു ടവറുകളും സ്ഫോടനത്തിലൂടെ വീഴ്ത്തിയ ശേഷം ബേസ്മെന്റ് സ്ലാബും പൈൽ ക്യാപ്പും ഉൾപ്പെടെ അവശിഷ്ടങ്ങൾ നീക്കണം.

സമീപത്തെ എ ടവറിന് കേടുപാടുകൾ ഇല്ലെന്ന് സ്ഫോടന ശേഷം ഐഐടി മദ്രാസിന്റെ പരിശോധനയിലൂടെ ഉറപ്പാക്കണം. എ-ടവറിലേക്കുള്ള ശുദ്ധജലം, ഫയർ പൈപ്പ്, സാനിറ്റേഷൻ, വൈദ്യുതി സൗകര്യങ്ങൾ മുൻകൂട്ടി ഏർപ്പാടാക്കണം. 56 കാറുകൾ പാർക്ക് ചെയ്യാനുള്ള സ്ഥലവും സൗകര്യപ്രദമായ വഴിയും ഒരുക്കണം. സമീപത്തെ നിർമാണങ്ങളെക്കൂടി ഉൾപ്പെടുത്തി 75 കോടി രൂപയുടെ ഇൻഷുറൻസും എടുക്കണം.

ഒപ്പിട്ട് ഒരാഴ്ചയ്ക്കകം ഒരു കോടി രൂപ സുരക്ഷാനിക്ഷേപം നൽകണമെന്നും കരാറിൽ പറയുന്നു. കരാർ പ്രകാരം 15 ദിവസത്തിനുള്ളിൽ എഡിഫസിന്റെ യന്ത്രസാമഗ്രികൾ എത്തും. 12 ആഴ്ചക്കുള്ളിൽ എ ടവറിന്റെ സുരക്ഷയും 14 ആഴ്ചക്കുള്ളിൽ നിയന്ത്രിത സ്ഫോടനത്തിനാവശ്യമായ മുന്നൊരുക്കങ്ങളും പൂർത്തിയാകും. സ്ഫോടന ശേഷം 2 മാസത്തിനുള്ളിൽ അവശിഷ്ടങ്ങൾ നീക്കാനാണ് എഡിഫസിന്റെ പദ്ധതി. കെട്ടിടങ്ങളുടെ ഘടനയിലുള്ള ഗുരുതരമായ ന്യൂനതകൾ ചൂണ്ടിക്കാട്ടി ടവറുകൾ പൊളിച്ച് പുനർനിർമിക്കാൻ 2025 ഫെബ്രുവരി 3-നാണ് ഹൈക്കോടതി ഉത്തരവിട്ടത്.

ഭക്ഷ്യസുരക്ഷാ പദ്ധതികളുടെ നടത്തിപ്പ് മികച്ച രീതിയിലെന്ന് ഭക്ഷ്യ കമ്മീഷൻ

കോട്ടയം: ജില്ലയിൽ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നടത്തിപ്പ് മികച്ച രീതിയിലാണെന്ന് സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർമാൻ ഡോ. ജിനു സക്കറിയ ഉമ്മൻ വിലയിരുത്തി. കമ്മീഷൻ അംഗം കെ.എൻ. സുഗതനൊപ്പം ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ സന്ദർശനം നടത്തിയശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഏറ്റുമാനൂർ, കുറവിലങ്ങാട്, തലയോലപ്പറമ്പ്, വൈക്കം മേഖലകളിലെ അങ്കണവാടികൾ, അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകൾ, എൻ.എഫ്.എസ്.എ. ഗോഡൗണുകൾ എന്നിവടങ്ങളാണ് കമ്മീഷൻ സന്ദർശിച്ചത്.

ഭക്ഷ്യസുരക്ഷാ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന വകുപ്പുകളുടെ ജില്ലയിലെ പ്രവർത്തനം തൃപ്തികരമാണെന്നും കമ്മീഷൻ പറഞ്ഞു. ഐ.സി.ഡി.എസ്, സിവിൽ സപ്ലൈസ്, കുടുംബശ്രീ എന്നിവയുടെ പ്രവർത്തനങ്ങളും വിതരണ സംവിധാനവും വിലയിരുത്തി. പദ്ധതി നിർവഹണത്തിൽ മികവു പുലർത്തുന്ന ഉദ്യോഗസ്ഥരെ അഭിനന്ദിച്ചു.

എൻ.എഫ്.എസ്.എ. പദ്ധതികളുടെ മേൽനോട്ടവും നിരീക്ഷണവുമാണ് കമ്മീഷന്റെ ചുമതല. ആരെയും ശിക്ഷിക്കുകയല്ല, പ്രവർത്തനങ്ങൾ തിരുത്തി മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം. ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും ഒപ്പം ചേർത്ത് പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാനാണ് ശ്രമിക്കുന്നത് - ഡോ. ജിനു സക്കറിയ ഉമ്മൻ വ്യക്തമാക്കി.



ജില്ലാ സപ്ലൈ ഓഫീസർ വി. സുരേഷ്, ഐ.സി.ഡി.എസ്. ജില്ലാ പ്രോഗ്രാം ഓഫീസർ റേച്ചൽ ഡേവിഡ്, കുടുംബശ്രീ ജില്ലാ കോഓർഡിനേറ്റർ റെജീന, താലൂക്ക് സപ്ലൈ ഓഫീസർമാരായ തരുൺ തമ്പി, സുനിത കുമാരി , അനിൽകുമാർ, റേഷനിംഗ് ഇൻസ്പെക്ടർമാരായ ദിനേശ്, മനോജ്, ലസിത, ഫുഡ് സേഫ്റ്റി ഓഫീസർ ഷെറിൻ സാറാ ജോർജ് എന്നിവരും സംഘത്തിനൊപ്പമുണ്ടായിരുന്നു.

സൊസൈറ്റി ടുഡേ SOCIETY TODAY

സമ്മർ ഇന്റേൺഷിപ്പ് പ്ലേസ്മെന്റുകളിൽ മികച്ച നേട്ടവുമായി ഐഎസ്ബി പിജിപി വൈഎൽ

കൊച്ചി: ഇന്ത്യൻ സ്കൂൾ ഓഫ് ബിസിനസിന്റെ (ഐഎസ്ബി) പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാം ഇൻ മാനേജ്മെന്റ് ഫോർ യംഗ് ലീഡേഴ്സിന്റെ (പിജിപി വൈഎൽ) രണ്ടാം ബാച്ചിന് (2026-2028) സമ്മർ ഇന്റേൺഷിപ്പ് പ്ലേസ്മെന്റുകളിൽ മികച്ച നേട്ടം. നിലവിൽ 130 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ ബാച്ചിന് 45 പ്രമുഖ കമ്പനികളിൽ നിന്നായി 200ലധികം ഇന്റേൺഷിപ്പ് ഓഫറുകൾ ലഭിച്ചു. പരമ്പരാഗത എംബിഎ പ്രോഗ്രാമുകളെ അപേക്ഷിച്ച് ശരാശരി 9 മാസത്തെ മുൻ പ്രവൃത്തിപരിചയം മാത്രമുള്ള വിദ്യാർത്ഥികളാണ് ഈ ബാച്ചിലുള്ളത്. രണ്ട് മാസത്തെ ഇന്റേൺഷിപ്പിന് 3.44 ലക്ഷം രൂപയാണ് ശരാശരി സ്റ്റൈപ്പൻഡ്; ഏറ്റവും ഉയർന്ന സ്റ്റൈപ്പൻഡ് 7.9 ലക്ഷം രൂപയും ലഭിച്ചു.

കൺസൾട്ടിംഗ്, ഇൻവെസ്റ്റ്മെന്റ് ബാങ്കിംഗ് മേഖലകളിൽ നിന്നാണ് ഏറ്റവും കൂടുതൽ ഓഫറുകൾ (117) ലഭിച്ചത്. ഇതിൽ 29 ഓഫറുകളുമായി ആക്സെഞ്ചർ സൊല്യൂഷൻസ് മുന്നിലെത്തി; ഇ.വൈപാർത്തെനോൺ (17), ഡെലോയിറ്റ് കൺസൾട്ടിംഗ് (9), ബോസ്റ്റൺ കൺസൾട്ടിംഗ് ഗ്രൂപ്പ് (8), മാസ്റ്റർകാർഡ് (8), ബെയ്ൻ ആൻഡ് കമ്പനി (7), അൽവാരസ് ആൻഡ് മാർസൽ (7), പിഡബ്ല്യുസി എസി



ഇന്ത്യ (7) എന്നിവയാണ് തൊട്ടുപിന്നിൽ. ടെക്നോളജി മേഖലയിൽ നിന്ന് ലഭിച്ച 27 ഓഫറുകളിൽ പർപ്പിൾ (6), ഗൂഗിൾ (5), സ്വിഗ്ഗി (5), സാംസങ് (5), ഫിലിപ്സ് (5) എന്നിവർ മുന്നിട്ടുനിന്നു.

എഫ്എംസിജിയിൽ നിന്ന് ലഭിച്ച 17 ഓഫറുകളിൽ ഹിന്ദുസ്ഥാൻ യൂണിലിവറും ഡാബറും 6 ഓഫറുകൾ വീതം നൽകി. കോൺഗ്ലോമറേറ്റ്സ് മേഖലയിൽ നിന്ന് ലഭിച്ച 16 ഓഫറുകളിൽ അദാനി എന്റർപ്രൈസസ് (6), ടാറ്റ അഡ്മിനിസ്ട്രേറ്റീവ് സർവീസസ് (4) എന്നിവർ നേതൃത്വം നൽകി. മക്കിൻസി ആൻഡ് കമ്പനി, ഗോൾഡ്മാൻ സാക്സ്, ബാർക്ലേയ്സ്, സിറ്റി ഇന്ത്യ, ജെഫറീസ്, ആമസോൺ, ഐടിസി, ആക്സിസ് ബാങ്ക്, ഹീറോ മോട്ടോകോർപ്പ് തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളും റിക്രൂട്ട്മെന്റിൽ പങ്കെടുത്തു.

യുവപ്രതിഭകൾക്ക് സ്ഥാപനങ്ങൾക്ക് നൽകാൻ കഴിയുന്ന മൂല്യത്തെയും കരിയറിന്റെ തുടക്കത്തിൽ തന്നെ അർത്ഥവത്തായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനുള്ള വിദ്യാർത്ഥികളുടെ കഴിവിനെയുമാണ് ഈ നേട്ടം പ്രതിഫലിപ്പിക്കുന്നതെന്ന് ഐഎസ്ബി അഡ്മിഷൻസ് ആൻഡ് ഫിനാൻഷ്യൽ എയ്ഡ്, കരിയർ അഡ്വാൻസ്മെന്റ് സർവീസസ് അസോസിയേറ്റ് ഡീൻ പ്രൊഫസർ പ്രണവ് ജിൻഡാൽ പറഞ്ഞു. സമീപകാല ബിരുദധാരികൾക്കും കരിയറിന്റെ തുടക്കത്തിലുള്ള പ്രൊഫഷണലുകൾക്കുമായി രൂപകൽപ്പന ചെയ്ത 20 മാസത്തെ പ്രോഗ്രാമാണ് പിജിപി വൈഎൽ.



കേരളത്തിൽ മ്യൂച്വൽ ഫണ്ട് നിക്ഷേപം 93,674 കോടി: സെബി ചെയർമാൻ

കൊച്ചി: 2026 മാർച്ച് അവസാനത്തോടെ സംസ്ഥാനത്തെ 16 ലക്ഷം മ്യൂച്വൽ ഫണ്ട് നിക്ഷേപകരുടെ ആകെ നിക്ഷേപ ആസ്തി 93,674 കോടി രൂപയാണെന്ന് സെബി ചെയർമാൻ തുഹിൻ കാന്ത പാണ്ഡെ.

കഴിഞ്ഞ പത്തു വർഷത്തിനിടെ കേരളത്തിലെ സെക്യൂരിറ്റീസ് വിപണിയിലെ നിക്ഷേപകരുടെ എണ്ണം ആറു മടങ്ങായി വർധിച്ചെന്നും അദ്ദേഹം പറഞ്ഞു.

2015 മാർച്ചിൽ കേരളത്തിൽ ഏഴു ലക്ഷം നിക്ഷേപകർ മാത്രമാണുണ്ടായിരുന്നത്. ഇതു നിലവിൽ 41 ലക്ഷമായി ഉയർന്നു. 2026 ഒക്ടോബറിൽ മാത്രം 53,000ത്തിലധികം പുതിയ നിക്ഷേപകരാണ് കേരളത്തിൽനിന്നു വിപണിയിലെത്തിയത്.

എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്തിട്ടുള്ള കേരളം ആസ്ഥാനമായുള്ള 54 കമ്പനികളിൽ 13 എണ്ണവും ധനകാര്യ സേവന മേഖലയിലാണു പ്രവർത്തിക്കുന്നത്. ഇതിൽ അഞ്ച് ബാങ്കുകളും നാല് ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളുമുണ്ട്.

സംസ്ഥാനത്തിന് ശക്തമായ ഒരു ധനകാര്യ സേവന ആവാസവ്യവസ്ഥയുണ്ടെന്നും സെബി ചെയർമാൻ കൊച്ചിയിൽ നടന്ന ബിഎഫ്എസ്ഐ സമ്മിറ്റിൽ പങ്കെടുത്തു പറഞ്ഞു.

ഹാൻവീവിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും

കണ്ണൂർ: കേരള കൈത്തറി വികസന കോർപറേഷനെ (ഹാൻവീവ്) പുതുയുഗ കേരളത്തിന്റെ ലക്ഷ്യത്തിന് അനുസൃതമായി വളർത്തുമെന്ന് പുതുതായി ചുമതലയേറ്റ ചെയർമാൻ അബ്ദുൾ കരീം ചേലേരി.

കൈത്തറി മേഖല പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. എങ്കിലും പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുക എന്നതാണ് യുഡിഎഫ് സർക്കാരിന്റെ വികസന കാഴ്ചപ്പാടായ പുതുയുഗ കേരളത്തിന്റെ ലക്ഷ്യം. അതിനനുസരിച്ച് കൈത്തറി മേഖലയിലെ തൊഴിലാളികളുടെയും ജീവനക്കാരുടെയും ആ മേഖലയിൽ പ്രവർത്തിക്കുന്നവരുടെയും ആഗ്രഹത്തിനനുസരിച്ച് ഹാൻവീവിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി മുന്നോട്ടുപോകുമെന്ന് അബ്ദുൾ കരീം പറഞ്ഞു. 15 വർഷമായി ഈ മേഖലയിലെ വിവിധ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള അനുഭവ സമ്പത്ത് ഇക്കാര്യത്തിൽ മുതൽക്കൂട്ടാകുമെന്നാണ് പ്രതീക്ഷ. സർക്കാരുമായി ആലോചിച്ച് കൈത്തറി മേഖലയുടെയും ഈ മേഖലയുമായി ബന്ധപ്പെട്ട കുടുംബങ്ങളുടെയും സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളുമായി മുന്നോട്ടുപോകുമെന്നും അബ്ദുൾ കരീം പറഞ്ഞു.

മുസ്‌ലിം ലീഗ് കണ്ണൂർ ജില്ലാ പ്രസിഡന്റായ അബ്ദുൾ കരീം ചേലേരി നേരത്തേ കൈത്തറി വകുപ്പിൽ സ്റ്റേറ്റ് ലെവൽ ട്രെയിനിംഗ് കമ്മിറ്റി അംഗമായും ടെക്സ്ഫെഡിൽ സ്പെഷൽ ഓഫിസറായും പ്രവർത്തിച്ചിട്ടുണ്ട്.

യെമൻ യുവതിക്ക് അപ്പോളോ അഡ്‌ലക്സിൽ സങ്കീർണ്ണ റോബോട്ടിക് ശസ്ത്രക്രിയ

എറണാകുളം: ജന്മനായുള്ള പ്രത്യുൽപാദന വ്യവസ്ഥയിലെ വൈകല്യം പരിഹരിക്കുന്നതിനായി യെമൻ സ്വദേശിനിയായ 20കാരിക്ക് കേരളത്തിലെ അപ്പോളോ അഡ്‌ലക്സ് ആശുപത്രിയിൽ റോബോട്ടിക് സഹായത്തോടെയുള്ള വജൈനൽ റീകൺസ്ട്രക്ഷൻ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി. ഡോ. ജോർജ് പോളിന്റെ നേതൃത്വത്തിൽ ഡോ. എലിസബത്ത് ജേക്കബിന്റെ സഹായത്തോടെ ഡാവിഞ്ചി റോബോട്ടിക് സംവിധാനം ഉപയോഗിച്ചാണ് രോഗിയുടെ തന്നെ ഉദരഭിത്തിയിലെ പാളി ഉപയോഗിച്ച് യോനീനാളം നിർമ്മിക്കുന്ന 'ഡേവിഡോവ് ടെക്നിക്' നടത്തിയത്; ഇത് രക്തസ്രാവം വളരെ കുറച്ച് അതീവ കൃത്യതയോടെ ശസ്ത്രക്രിയ പൂർത്തിയാക്കാൻ സഹായിച്ചു. ശസ്ത്രക്രിയയുടെ പിറ്റേദിവസം തന്നെ ആശുപത്രി വിടാൻ സജ്ജയായിരുന്നെങ്കിലും, തുടർപരിചരണത്തിനുള്ള പ്രത്യേക പരിശീലനം നേടുന്നതിനായി യുവതി മൂന്നാഴ്ചയോളം ആശുപത്രി ഒരുക്കിയ താമസസ്ഥലത്ത് തുടർന്ന ശേഷമാണ് ആറുമാസത്തെ തുടർപരിശോധനാ നിർദ്ദേശങ്ങളോടെ യെമനിലേക്ക് മടങ്ങിയത്.



എസ്എംഎ രോഗബാധിതരായ സഹോദരങ്ങളുടെ ചികിത്സയ്ക്കായി ഭീമ 1.01 കോടി രൂപ നൽകി

കൊച്ചി: അപൂർവ ജനിതക നാഡീപേശി രോഗമായ സ്പൈനൽ മസ്കുലാർ അട്രോഫി (എസ്എംഎ) ബാധിച്ച കോഴിക്കോട് സ്വദേശികളായ ഈതൻ, ഡേവിഡ്, ഒലിവർ എന്നീ സഹോദരങ്ങളുടെ ചികിത്സയ്ക്കായി ഭീമ ജുവൽസ് കൊച്ചി 1.01 കോടി രൂപ സാമ്പത്തികസഹായം കൈമാറി. എംജി റോഡിലെ ഭീമ ജുവൽസ് ഷോറൂമിൽ നടന്ന ചടങ്ങിൽ ചെയർമാൻ ബി. ബിന്ദുമാധവ് കുട്ടികളുടെ പിതാവിന് സഹായത്തുക കൈമാറി.

കോഴിക്കോട് കല്ലൂരുട്ടി സ്വദേശികളായ പി.ഡി. അരുൺ ഷാൽമി ദമ്പതികൾക്ക് ഒറ്റ പ്രസവത്തിൽ ജനിച്ച കുട്ടികളാണ് മൂവരും. ജീൻ തെറാപ്പി ഉൾപ്പടെ മൂന്നു കുട്ടികളുടെയും ചികിത്സയ്ക്കായി 50 കോടി രൂപയാണു വേണ്ടത്. ജനകീയ കൂട്ടായ്മ രൂപീകരിച്ച് പ്രാദേശികമായി ധനശേഖരണം നടത്തിവരുന്നുണ്ട്. കുട്ടികളുടെ ചികിത്സാസഹായത്തിനായി കൂടുതൽ സ്ഥാപനങ്ങളും വ്യക്തികളും മുന്നോട്ടുവരണമെന്ന് ഭീമ കൊച്ചി ചെയർമാൻ ബിന്ദുമാധവ് പറഞ്ഞു.

ഭീമ ജുവൽസ് കൊച്ചി മാനേജർ ബാലകൃഷ്ണൻ, കൂടെയുണ്ട് കേരളം ജനകീയ കൂട്ടായ്മ ഭാരവാഹികളായ ഹനീഷ് മുഹമ്മദ്, അബീഷ് ജോസ്, ആൽബി, ഷഹീർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ജെപ്സ് സോളാർ തിരുവനന്തപുരം ഷോറൂം ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: സോളാർ എനർജി സ്ഥാപനമായ ജെപ്സ് സോളാർ തിരുവനന്തപുരം പുതിയ ഷോറൂം ഉദ്ഘാടനം ചെയ്തു. മുളവന ജംഗ്ഷനിൽ നടന്ന ചടങ്ങിൽ പട്ടികജാതിപട്ടികവർഗപിന്നാക്കക്ഷേമ മന്ത്രി കെ.എ. തുളസി ഉദ്ഘാടനം നിർവഹിച്ചു.

വാർഡ് കൗൺസിലർ മേരി പുഷ്പം, മീഡിയ പ്ലസ് ചെയർമാൻ ജ്യോതികുമാർ, സിഒഎ തിരുവനന്തപുരം സെക്രട്ടറി സജിത്ത്, വിഗാർഡ് നാഷണൽ പ്രൊഡക്ട് ഹെഡ് മണിക്കുട്ടൻ എന്നിവർ പ്രസംഗിച്ചു. ജെപ്സ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ സി.വി. നിധീഷ് സ്വാഗതവും ജെപ്സ് സോളാർ ഡയറക്ടർ എൻ.വി. വരുൺ നന്ദിയും പറഞ്ഞു.

ഗാർഹികവാണിജ്യ ആവശ്യങ്ങൾക്കുള്ള അത്യാധുനിക സോളാർ പവർ പ്ലാൻറുകളും മികച്ച ഗുണനിലവാരമുള്ള സോളാർ സേവനങ്ങളുമാണ് ജെപ്സ് സോളാർ ഉപയോക്താക്കൾക്കായി ഒരുക്കിയിരിക്കുന്നത്.

കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം എന്നീ ജില്ലകളിൽ വിജയകരമായി പ്രവർത്തിക്കുന്ന ജെപ്സ് സോളാർ, തിരുവനന്തപുരത്തും തങ്ങളുടെ സേവനം വിപുലീകരിച്ചിരിക്കുകയാണ്.

സൊസൈറ്റി ടുഡേ SOCIETY TODAY



എട്ടാമത് മെഷിനറി എക്സ്പോ 2027ന്റെ രജിസ്ട്രേഷൻ വെബ്സൈറ്റ് ജില്ലാ കളക്ടർ ജി. പ്രിയങ്ക ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരും എക്സ്പോ ജനറൽ കൺവീനറുമായ വി.ആർ. രാകേഷ് സമീപം.

മെഷിനറി എക്സ്പോ 2027 രജിസ്ട്രേഷൻ ആരംഭിച്ചു

കൊച്ചി: സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന എട്ടാമത് മെഷിനറി എക്സ്പോ 2027ന്റെ രജിസ്ട്രേഷനുള്ള വെബ്സൈറ്റ് ജില്ലാ കളക്ടർ ജി. പ്രിയങ്ക ഔപചാരികമായി ഉദ്ഘാടനം ചെയ്തു. സംരംഭകർക്കും സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും എക്സ്പോ ഏറെ പ്രയോജനം ചെയ്യുമെന്ന് കളക്ടർ പറഞ്ഞു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരും 2027 മെഷിനറി എക്സ്പോ ജനറൽ കൺവീനറുമായ വി.ആർ. രാകേഷ് സന്നിഹിതനായിരുന്നു .

'ഇൻവെസ്റ്റ് ഇൻ ഇന്നൊവേഷൻസ്' എന്ന പ്രമേയത്തിൽ 2027 ജനുവരി 4, 5, 6, 7 തീയതികളിൽ കൊച്ചി കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിലാണ് പ്രദർശനം നടക്കുന്നത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എം.എസ്.എം.ഇ) പ്രോത്സാഹിപ്പിക്കുന്നതിനായി അത്യാധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുന്ന പുത്തൻ മെഷീനറികളുടെ സമഗ്രമായ പ്രദർശനമാണ് എക്സ്പോയിലൂടെ ലക്ഷ്യമിടുന്നതെന്ന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ വി.ആർ. രാകേഷ് പറഞ്ഞു.

നിലവിലുള്ളതും ഭാവിയിൽ ബിസിനസ്സ് തുടങ്ങാൻ ആഗ്രഹിക്കുന്നതുമായ സംരംഭകർ, അംഗീകൃത മെഷിനറി വിതരണക്കാർ, നിർമ്മാതാക്കൾ, വ്യാപാര പ്രമോഷൻ സംഘടനകൾ, സ്റ്റാർട്ടപ്പുകൾ, പ്രൊഫഷണൽ അസോസിയേഷനുകൾ, ഗവേഷണസാങ്കേതിക പരിശീലന സ്ഥാപനങ്ങൾ തുടങ്ങിയവർക്ക് എക്സ്പോയിൽ പങ്കെടുക്കാം. സംസ്ഥാനത്തിന് പുറത്തുനിന്നുള്ള നിരവധി മെഷിനറി നിർമ്മാതാക്കളും ഇത്തവണ പ്രദർശനത്തിന്റെ ഭാഗമാകും.

കാർഷിക അധിഷ്ഠിത ഭക്ഷ്യസംസ്കരണം, പാക്കേജിംഗ്, ജനറൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽഇലക്ട്രോണിക്സ്, ആയുർവേദം, ഫാർമ സ്യൂട്ടിക്കൽസ്, ഇമൊബിലിറ്റി, പുന രുപയോഗ ഊർജ്ജം, തടി അധിഷ്ഠിത വ്യവസായം, അപ്പാരൽ, റബ്ബർപ്ലാസ്റ്റിക് ഫുടെയർ, മാലിന്യ സംസ്കരണം, പ്ലാസ്റ്റിക് റീസൈക്ലിംഗ് എന്നീ മേഖലകളിലാണ് ഇത്തവണത്തെ മെഷിനറി എക്സ്പോ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. മെഷീൻ ടൂളുകൾ, ഓട്ടോമേഷൻ സാങ്കേതിക വിദ്യകൾ, സി.എൻ.സി മെഷീനുകൾ, എസ്.പി.എമ്മുകൾ, നൂതന പ്രോസസ്സിംഗ്പാക്കേജിംഗ് മെഷീനുകൾ എന്നിവയുടെ പ്രദർശനത്തിനൊപ്പം തത്സമയ യന്ത്ര ഡെമോകളും എക്സ്പോയിൽ ഉണ്ടാകും. കൂടാതെ, പുതുതായി സംരംഭം ആരംഭിക്കുന്നവർക്ക് സൗജന്യ സാങ്കേതിക സഹായം നൽകുന്നതിനായി സാങ്കേതിക സ്ഥാപനങ്ങളുടെ സ്റ്റാളുകളും, വായ്പ ലഭ്യത പോലുള്ള കാര്യങ്ങളെക്കുറിച്ച് അറിയാനായി ധനകാര്യ സ്ഥാപനങ്ങളുടെ സ്റ്റാളുകളും വേദിയിൽ സജ്ജീകരിക്കും.

ഇന്ത്യാ ഗവൺമെന്റിന്റെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയത്തിന്റെ 'സംഭരണ, വിപണന പിന്തുണ' (പി.എം.എസ്) പദ്ധതിയുടെ പിന്തുണയോടെ നടത്തുന്ന എക്സ്പോയിൽ, യോഗ്യതാ വ്യവസ്ഥകൾക്ക് വിധേയമായി എം.എസ്.എം.ഇകൾക്ക് സ്റ്റാൾ വാടകയുടെ 80 ശതമാനം വരെ റീഇംബേഴ്സ്മെന്റ് ലഭിക്കുന്നതാണ്.

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് മെഷിനറി എക്സ്പോ കേരളയുടെ വെബ്സൈറ്റായ www.machineryexpokerala.in വഴി സ്റ്റാളുകൾ ബുക്ക് ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 9188401707 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

കേരളത്തിൽ സാന്നിധ്യം വിപുലമാക്കാൻ ഹിൻഡ് വെയർ

കോഴിക്കോട്: തലശ്ശേരിയിൽ പുതിയ വ്രിപണന കേന്ദ്രം ആരംഭിച്ചുകൊണ്ട് ഇന്ത്യയിലെ മുൻനിര സാനിറ്ററി ഉൽപ്പന്ന നിർമ്മാതാക്കളായ ഹിൻഡ്വെയർ കേരളത്തിലെ വ്യാപാര ശൃംഖല വിപുലീകരിച്ചു. പുന്നോൽ റെയിൽവേ ഗേറ്റിന് സമീപം സെഞ്ചറി ബിൽഡ്മാർട്ടിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന ഈ പുതിയ കേന്ദ്രം ഉപഭോക്താക്കൾക്കും കെട്ടിട നിർമ്മാണ വിദഗ്ധർക്കും അകത്തള അലങ്കാര വിദഗ്ധർക്കും മികച്ച ഷോപ്പിംഗ് അനുഭവമാണ് നൽകുന്നത്. സാനിറ്ററി ഉൽപ്പന്നങ്ങൾ, ടാപ്പുകൾ, ഷവറുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിപുലമായ ശേഖരം ഒരൊറ്റ കുടക്കീഴിൽ ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്.

കേരളത്തിലുടനീളം പ്രവർത്തനം വ്യാപിപ്പിക്കുകയാണെന്നു ഉദ്ഘാടന



ചടങ്ങിൽ സംസാരിക്കവെ ഹിൻഡ്വെയർ മേധാവി നിരുപം സഹായ് പറഞ്ഞു. തലശ്ശേരിയിലെ പുതിയ വിപണന കേന്ദ്രം വഴി കണ്ണൂർ ജില്ലയിലെയും സമീപ പ്രദേശങ്ങളിലെയും കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിച്ചേരാൻ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. തലശ്ശേരിയിലേത് ഉൾപ്പെടെ കേരളത്തിലെ ആകെ ഹിൻഡ്വെയർ വിപണന കേന്ദ്രങ്ങളുടെ എണ്ണം ഇതോടെ 39 ആയി ഉയർന്നു.

രാജ്യത്തുടനീളം 700ലധികം ജില്ലകളിലായി 35,000ലധികം വിൽപ്പന കേന്ദ്രങ്ങളും 500ലധികം വിതരണക്കാരും 575ലധികം പ്രത്യേക ഷോറൂമുകളും ഹിൻഡ്വെയറിനുണ്ട്. മികച്ച വിൽപ്പനാനന്തര സേവനം ഉറപ്പാക്കുന്നതിനായി 700 ജില്ലകളിലായി 1,090 സാങ്കേതിക വിദഗ്ധരുടെ സേവനവും കമ്പനി സജ്ജമാക്കിയിട്ടുണ്ട്. ഇതിലൂടെ പ്രധാന നഗരങ്ങളിൽ 24 മണിക്കൂറിനുള്ളിലും മറ്റ് പ്രദേശങ്ങളിൽ 48 മണിക്കൂറിനുള്ളിലും ഉപഭോക്താക്കൾക്ക് സേവനം ലഭ്യമാക്കാൻ കമ്പനിക്ക് സാധിക്കുന്നു.

ഓട്ടോമേഷൻ എൻജിനീയറിങ് ജോലികൾ നിർവഹിക്കാൻ സീമെൻസിന്റെ ഐഗൻ എൻജിനീയറിങ് ഏജന്റ്

കൊച്ചി: ഓട്ടോമേഷൻ എൻജിനീയറിങ് ജോലികൾ സ്വയം നിർവഹിക്കാൻ ശേഷിയുള്ള ഐഗൻ എൻജിനീയറിങ് ഏജന്റ് ഇന്ത്യയിൽ അവതരിപ്പിച്ച് സീമെൻസ്. സാധാരണ എ.ഐ. സംവിധാനങ്ങൾ നിർദേശങ്ങൾ നൽകുമ്പോൾ, പുതിയ ഏജന്റിന് പി.എൽ.സി. കോഡിങ്, എച്ച്.എം.ഐ. വിഷ്വലൈസേഷൻ, ഉപകരണ കോൺഫിഗറേഷൻ തുടങ്ങിയ ജോലികൾ സ്വയം പൂർത്തിയാക്കാൻ കഴിയും. ഇന്ത്യയിലെ 16ലധികം ഉപഭോക്താക്കളിൽ വിജയകരമായി പരീക്ഷിച്ച ഈ സംവിധാനം, മാനുവൽ രീതികളേക്കാൾ രണ്ടുമുതൽ അഞ്ചുമടങ്ങ് വേഗത്തിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും പരിഹാരങ്ങളുടെ ഗുണനിലവാരം 80% വരെ മെച്ചപ്പെടുത്തുകയും എൻജിനീയറിങ് കാര്യക്ഷമത 50% വർധിപ്പിക്കുകയും ചെയ്യും.

ഫ്ലെക്സിബിൾ പാക്കേജിങ് മെഷീൻ നിർമാതാക്കളായ പെലിക്കൻ റോട്ടോഫ്ലെക്സും ഓട്ടോമേഷൻ സൊല്യൂഷൻസ് സ്ഥാപനമായ സീ സിസ്റ്റം ഇന്റലിജന്റ് കൺട്രോൾസും ഇതിനകം ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നുണ്ട്. ആവർത്തന എൻജിനീയറിങ് ജോലികൾ കുറയ്ക്കാനും ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്താനും വികസന, കമ്മീഷനിങ് സമയം ലാഭിക്കാനും ഇത് സഹായിക്കുന്നു. ന്യൂഡൽഹിയിൽ നടന്ന ഏഴാമത് ട്രാൻസ്ഫോം-സീമെൻസ് ഇന്ത്യ ഇന്നൊവേഷൻ ഡേയിൽ വ്യാവസായിക എ.ഐ. അധിഷ്ഠിത 20ലധികം നൂതന സാങ്കേതികവിദ്യകൾക്കൊപ്പമാണ് ഏജന്റ് അവതരിപ്പിച്ചത്.

വണ്ടർലാ കൊച്ചി ബ്ലാക്ക് ഫ്രൈഡേ സെയിൽ പ്രഖ്യാപിച്ചു



കൊച്ചി: ബ്ലാക്ക് ഫ്രൈഡേ വിൽപ്പനയുടെ ഭാഗമായി വണ്ടർലാ കൊച്ചി അമ്യൂസ്മെന്റ് പാർക്കിൽ പ്രത്യേക ടിക്കറ്റ് ഓഫർ പ്രഖ്യാപിച്ചു. നവംബർ 26 മുതൽ 29 വരെ ലഭ്യമാകുന്ന ഓഫറിൽ 799 രൂപ മുതൽ ടിക്കറ്റുകൾ സ്വന്തമാക്കാം. നവംബർ 26ന് ഉച്ചയ്ക്ക് 12ന് ആരംഭിക്കുന്ന എർലി ആക്സസ് ഓഫറിൽ 799 രൂപയ്ക്കും നവംബർ 27 മുതൽ 29 വരെ 849 രൂപയ്ക്കും ടിക്കറ്റുകൾ ലഭിക്കും. നികുതികൾ ഉൾപ്പെടാതെയുള്ള ഓഫർ നിരക്കുകളാണിത്. സാധാരണ നികുതികൾ ഉൾപ്പെടെ 1,969 രൂപ വിലയുള്ള ടിക്കറ്റിന് എർലി ആക്സസ് വഴി ഏകദേശം 52 ശതമാനം ഇളവാണ് ലഭിക്കുന്നത്. ഓഫറിൽ വാങ്ങുന്ന ടിക്കറ്റുകൾ 2027 മാർച്ച് 31 വരെ ഉപയോഗിക്കാം. വണ്ടർലയുടെ വെബ്സൈറ്റിലൂടെ ടിക്കറ്റുകൾ ബുക്ക് ചെയ്യാം.

പ്ലാറ്റിനം ലവ് ബാൻഡ്സിന്റെ പുതിയ ശേഖരം



മുംബൈ: പുതിയ ആഭരണശേഖരം അവതരിപ്പിച്ച് പ്ലാറ്റിനം ലവ് ബാൻഡ്സ്. രണ്ട് വ്യക്തികൾ തമ്മിലുള്ള ബന്ധം വളരുന്നതിന്റെ വിവിധ ഘട്ടങ്ങൾ പ്രതിഫലിപ്പിക്കുന്ന ആറ് ഡിസൈനുകളാണ് ശേഖരത്തിലുള്ളത്. രണ്ട് ജീവിതങ്ങൾ ഒന്നാകുന്ന യാത്ര, പങ്കുവയ്ക്കുന്ന ചിരികളും ഓർമകളും, പരസ്പരം മനസ്സിലാക്കുന്നതും ജീവിതത്തിലെ ഓരോ ഘട്ടത്തിലും കൂടെയുണ്ടാകുമെന്ന ഉറപ്പുമാണ് ഡിസൈനുകളുടെ ആശയം.

പ്രണയാഘോഷങ്ങളിൽ പ്ലാറ്റിനത്തിന് സവിശേഷ സ്ഥാനം നൽകുന്നതിൽ പ്ലാറ്റിനം ലവ് ബാൻഡ്സ് വിജയിച്ചിട്ടുണ്ടെന്നു പ്ലാറ്റിനം ഗിൽഡ് ഇന്റർനാഷണൽ ഗ്ലോബൽ മാർക്കറ്റ് ഡെവലപ്മെന്റ് മേധാവിയും ഇന്ത്യ, മിഡിൽ ഈസ്റ്റ് മാനേജിങ് ഡയറക്ടറുമായ വൈശാലി ബാനർജി പറഞ്ഞു. പുതിയ ശേഖരം വിവാഹ മേഖലയിലെ ബ്രാൻഡിന്റെ പ്രസക്തി വർധിപ്പിക്കും. ഒരുമിച്ചുള്ള ജീവിതത്തിന്റെ അനുഭവങ്ങൾ സമകാലിക ഡിസൈനുകളിൽ അവതരിപ്പിക്കുന്ന ബാൻഡുകൾ ദൈനംദിന ഉപയോഗത്തിനും അനുയോജ്യമാണെന്നും അവർ പറഞ്ഞു.

സ്വാഭാവിക വെളുത്ത നിറം, അപൂർവത, ദീർഘകാല കരുത്ത് എന്നിവ പ്ലാറ്റിനത്തിന്റെ പ്രത്യേകതകളാണ്. വിശ്വാസം, പരസ്പര ധാരണ, പ്രതിബദ്ധത എന്നിവയുടെ പ്രതീകമായ പ്ലാറ്റിനം ലവ് ബാൻഡ്സ് ശേഖരം രാജ്യത്തെ പ്രമുഖ ആഭരണശാലകളിലും www.platinumdaysoflove.com വെബ്സൈറ്റിലും ലഭ്യമാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY



ഡബ്ല്യു.ബി.സി ബോക്സിംഗ് ലോക ചാമ്പ്യൻഷിപ്പ് പ്രഖ്യാപനം കൊച്ചിയിൽ

കേരളത്തിലും പുതിയ സ്പോർട്സ് അക്കാദമി

കൊച്ചി: ഓസ്ട്രേലിയയിലെ സിഡ്നിയിൽ നടക്കുന്ന ഡബ്ല്യു.ബി.സി ബോക്സിംഗ് ലോക ചാമ്പ്യൻഷിപ്പിന്റെ പ്രഖ്യാപനം കൊച്ചിയിൽ നടന്നു. കൊച്ചി ടൈറ്റിൽ ബോക്സിംഗ് ക്ലബും സിഡ്നിയിലെ ഗ്ലെൻവുഡ് അത്‌ലറ്റിക്സ് & സ്പോർട്സ് ക്ലബും സംയുക്തമായാണ് അന്താരാഷ്ട്ര പോരാട്ടം സംഘടിപ്പിക്കുന്നത്. ലെ മെറിഡിയനിൽ നടന്ന ചടങ്ങിൽ ലോക ചാമ്പ്യൻഷിപ്പ് തീയതികൾക്കൊപ്പം ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും കായിക അടിത്തറ ശക്തിപ്പെടുത്തുന്ന പുതിയ സ്പോർട്സ് അക്കാദമിയുടെ രൂപരേഖയും സംഘാടകർ അവതരിപ്പിച്ചു.

സിഡ്നിയിൽ അരങ്ങേറുന്ന ഡബ്ല്യു.ബി.സി ലോക ചാമ്പ്യൻഷിപ്പിന്റെ ഭാഗമായ ഫൈറ്റർ ഫേസ്ഓഫ് ഡിസംബർ 20നും പ്രധാന ലോക ചാമ്പ്യൻഷിപ്പ് മത്സരം മാർച്ച് 20നും നടക്കുമെന്ന് ടൈറ്റിൽ ബോക്സിംഗ് ക്ലബ് ഭാരവാഹിയും വേൾഡ് ബോക്സിംഗ് ചാമ്പ്യനും മുൻ മിസ്റ്റർ ഇന്ത്യ ജേതാവുമായ കെ.എസ്. വിനോദ് അറിയിച്ചു. ഡബ്ല്യു.ബി.സി കെയേഴ്സ് ഇന്ത്യ അംബാസഡർ കൂടിയായ വിനോദ്, അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക പരിശീലനം കേരളത്തിലെ യുവതാരങ്ങൾക്ക് ലഭ്യമാക്കുകയാണ് ലക്ഷ്യമെന്നും വ്യക്തമാക്കി.

ഗ്ലെൻവുഡ് അക്കാദമിയുമായി കൈകോർത്ത് ആരംഭിക്കുന്ന പുതിയ സ്പോർട്സ് അക്കാദമിയിലൂടെ അത്‌ലറ്റിക്സ്, ബോക്സിംഗ് എന്നിവയുൾപ്പെടെ വിവിധ കായിക ഇനങ്ങളിൽ പ്രതിഭകളെ വാർത്തെടുക്കും. നേരിട്ടുള്ള പരിശീലനത്തിനൊപ്പം ഓൺലൈൻ പരിശീലന സംവിധാനങ്ങളും അക്കാദമിയുടെ ഭാഗമായി ഒരുക്കുമെന്ന് കെ.എസ്. വിനോദ് പറഞ്ഞു.

ഈ സഹകരണത്തിൽ അതിയായ സന്തോഷവും അഭിമാനവുമുണ്ടെന്ന് ഗ്ലെൻവുഡ് അത്‌ലറ്റിക്സ് & സ്പോർട്സ് ക്ലബ് സ്ഥാപകനും പരിശീലകനുമായ ഗുർഷെർ സിംഗ് മാൻ, ദേശീയഅന്താരാഷ്ട്ര അത്‌ലറ്റിക്സ് പരിശീലകൻ സരബ്ജിത് സിംഗ് ഹാപ്പി എന്നിവർ പറഞ്ഞു. ചടങ്ങിൽ വേൾഡ് മലയാളി കൗൺസിൽ ഇന്ത്യ റീജിയൺ ചെയർമാൻ അഡ്വ. കെ.വി. സാബു, ടൈറ്റിൽ ബോക്സിംഗ് ക്ലബ് ഡബ്ല്യു.ബി.സി മത്സരത്തിന്റെ സിഡ്നി അംബാസഡറും നടിയുമായ നയൻതാര ചക്രവർത്തി, അനശ്വര ജെയ്സൺ എന്നിവരും സംസാരിച്ചു.



ഒരു കോടി ജൂപ്പിറ്റർ സ്കൂട്ടറുകൾ പുറത്തിറക്കി ടിവിഎസ്

കൊച്ചി: ഇരുചക്രമുച്ചക്ര വാഹന നിർമ്മാണ രംഗത്തെ ആഗോള മുൻനിരക്കാരായ ടിവിഎസ് മോട്ടോർ കമ്പനിയുടെ ജനപ്രിയ ബ്രാൻഡായ ടിവിഎസ് ജൂപ്പിറ്റർ ഒരു കോടി സ്കൂട്ടറുകൾ എന്ന ചരിത്ര നേട്ടം കൈവരിച്ചു. തമിഴ്നാട്ടിലെ ഹൊസൂർ നിർമ്മാണ ശാലയിൽ നിന്നും ഒരു കോടിയെന്ന സംഖ്യ കൈവരിക്കുന്ന സ്കൂട്ടർ പുറത്തിറങ്ങിയതോടെ ഈ നേട്ടം കൈവരിക്കുന്ന രാജ്യത്തെ ഏറ്റവും വേഗതയേറിയതും പ്രായം കുറഞ്ഞതുമായ സ്കൂട്ടറായി ജൂപ്പിറ്റർ മാറി.

2013ൽ കൂടുതൽ നേട്ടം എന്ന ആശയവുമായി അവതരിപ്പിച്ച ടിവിഎസ് ജൂപ്പിറ്റർ കഴിഞ്ഞ 13 വർഷത്തിനുള്ളിൽ രാജ്യത്തെ കുടുംബങ്ങളുടെ ദൈനംദിന യാത്രകളിലെ അവിഭാജ്യ ഘടകമായി മാറി.

ആദ്യ 50 ലക്ഷം സ്കൂട്ടറുകൾ നിർമ്മിക്കാൻ ഒൻപത് വർഷമെടുത്തപ്പോൾ, അടുത്ത 50 ലക്ഷം സ്കൂട്ടറുകൾക്ക് വെറും നാല് വർഷം മാത്രമാണ് വേണ്ടിവന്നത്. പുറത്തിറങ്ങി ആദ്യ വർഷം തന്നെ അഞ്ച് ലക്ഷം വിൽപ്പന പിന്നിട്ട ജൂപ്പിറ്റർ നിലവിൽ രാജ്യത്തെ രണ്ടാമത്തെ വലിയ സ്കൂട്ടർ മോഡലാണ്.

ജാഗൃതി യാത്ര 2026ന്റെ പങ്കാളിയായി മുത്തൂറ്റ് ഫിൻകോർപ്പ് ; 500 യുവ സംരംഭകർ ഇന്ന് കൊച്ചിയിൽ

കൊച്ചി: വിശ്വാസത്തിന്റെയും സംരംഭകത്വത്തിന്റെയും 139 വർഷത്തെ പാരമ്പര്യമുള്ള മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ മുഖ്യ സ്ഥാപനമായ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, യുവാക്കൾക്കിടയിൽ സംരംഭകത്വവും നവീകരണവും പ്രോത്സാഹിപ്പിക്കുന്നതിനായി ജാഗൃതി യാത്ര 2026മായി സഹകരിക്കുന്നു. രാജ്യവ്യാപക സംരംഭക യാത്രയായ ജാഗൃതി യാത്രയുടെ 19ാം പതിപ്പ് ഇന്ന് (നവംബർ 26) കൊച്ചിയിലെത്തും. രാജ്യത്തെ 220ലധികം ജില്ലകളെ പ്രതിനിധീകരിക്കുന്ന 500 യുവാക്കളാണ് ഇത്തവണ ജാഗൃതി യാത്രയിൽ പങ്കെടുക്കുന്നത്. ഇന്ത്യയുടെ സാമൂഹിക വും സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ വൈവിധ്യത്തെ പ്രതിഫലിപ്പിക്കുന്ന ഈ യുവാക്കൾക്ക് കേരളത്തിലെ സംരംഭക സാധ്യതകളും നവീന ബിസിനസ് മാതൃകകളും സുസ്ഥിര വികസന പ്രവർത്തനങ്ങളും അടുത്തറിയാൻ യാത്ര അവസരമൊരുക്കും.

കൊച്ചിയിലെ പരിപാടികളുടെ ഭാഗമായി മാലിന്യ സംസ്കരണത്തിലും പുനരുപയോഗ അധിഷ്ഠിത സമ്പദ്വ്യവസ്ഥയിലും പ്രവർത്തിക്കുന്ന ഗ്രീൻ വേംസ് സന്ദർശിക്കും. പരിസ്ഥിതി സൗഹൃദ സംരംഭക മാതൃകകൾ, സുസ്ഥിര മാലിന്യ സംസ്കരണ രീതികൾ, തൊഴിലവസരങ്ങളും ഉപജീവനമാർഗങ്ങളും സൃഷ്ടിക്കുന്നതിനുള്ള സാധ്യതകൾ എന്നിവ നേരിട്ട് മനസ്സിലാക്കാൻ സന്ദർശനം സഹായിക്കും.

തുടർന്ന് കേരള സ്റ്റാർട്ടപ്പ് മിഷനിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ ഗ്രീൻ വേംസ് പ്രതിനിധിയുമായുള്ള സംവാദം, ജെ.ഇ.എം. ഉദ്ഘാടനം, കേരളത്തിലെ സ്റ്റാർട്ടപ്പ് മേഖലയെയും സംരംഭക സാധ്യതകളെയും അടുത്തറിയുന്നതിനുള്ള വിവിധ സെഷനുകൾ എന്നിവ നടക്കും.

മുത്തൂറ്റ് ഫിൻകോർപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പ്രത്യേക സെഷനിൽ സംരംഭകത്വം, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (എം.എസ്.എം.ഇ.) വികസനം, സാമ്പത്തിക അവബോധം, ഉത്തരവാദിത്തപരമായ സംരംഭക വളർച്ച എന്നിവ ചർച്ച ചെയ്യും. മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് സി.ഇ.ഒ. ഷാജി വർഗീസ്, ജാഗൃതി യാത്ര സി.ഇ.ഒ. ആശുതോഷ് കുമാർ എന്നിവർ പരിപാടിയിൽ പങ്കെടുക്കും.

"സംരംഭകത്വത്തിന്റെയും നവീകരണത്തിന്റെയും സാമൂഹിക പ്രതിബദ്ധതയോടെയുള്ള പ്രവർത്തനങ്ങളുടെയും സമ്പന്നമായ പാരമ്പര്യമുള്ള നാടാണ് കേരളം. കേരളത്തിൽ വേരുകളുള്ള ഒരു സ്ഥാപനം എന്ന നിലയിൽ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ സംരംഭക ചിന്തയും സാമ്പത്തിക അവബോധവും പ്രോത്സാഹിപ്പിക്കേണ്ടതിന്റെ പ്രാധാന്യം തങ്ങൾ തിരിച്ചറിയുന്നു. സാമ്പത്തികവും പാരിസ്ഥിതികവും സാമൂഹികവുമായ വെല്ലുവിളികൾക്ക് പ്രായോഗിക പരിഹാരങ്ങൾ കണ്ടെത്തുന്ന സംരംഭങ്ങളെ അടുത്തറിയാൻ ജാഗൃതി യാത്ര യുവാക്കൾക്ക് അവസരമൊരുക്കുന്നു. ഉത്തരവാദിത്തപരവും സുസ്ഥിരവുമായ സംരംഭകത്വത്തെക്കുറിച്ച് കൂടുതൽ ആഴത്തിലുള്ള ധാരണ വളർത്താൻ ഇത്തരം ആശയവിനിമയങ്ങൾ സഹായരമാകുമെന്ന് തങ്ങൾ വിശ്വസിക്കുന്നുവെന്ന്" മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് സി.ഇ.ഒ. ഷാജി വർഗീസ് പറഞ്ഞു.

"പാരിസ്ഥിതിക വെല്ലുവിളികളെ സംരംഭകത്വത്തിന്റെയും ഉപജീവന മാർഗങ്ങൾ സൃഷ്ടിക്കുന്നതിന്റെയും അവസരങ്ങളാക്കി മാറ്റാൻ കഴിയുമെന്നതിന്റെ ഉദാഹരണമാണ് ഗ്രീൻ വേംസ്. ഈ സന്ദർശനത്തിലൂടെയും കേരള സ്റ്റാർട്ടപ്പ് മിഷന്റെ സംരംഭക സാധ്യതകളെ അടുത്തറിയുന്നതിലൂടെയും നവീന ആശയങ്ങളെ സമൂഹത്തിൽ ദീർഘകാല ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്ന പ്രായോഗിക പരിഹാരങ്ങളാക്കി മാറ്റാൻ യുവാക്കളെ പ്രചോദിപ്പിക്കുകയാണ് ജാഗൃതി യാത്രയുടെ ലക്ഷ്യമെന്ന്," ജാഗൃതി യാത്ര സി.ഇ.ഒ. ആശുതോഷ് കുമാർ പറഞ്ഞു.

ക്യാമ്പസ് സന്ദർശനവും സാംസ്കാരിക പരിപാടികളും കൊച്ചിയിലെ പരിപാടികളുടെ ഭാഗമാകും. കേരളത്തിന്റെ സംരംഭക, സാംസ്കാരിക വൈവിധ്യങ്ങൾ അടുത്തറിഞ്ഞ ശേഷം ജാഗൃതി എക്സ്പ്രസിൽ സംഘം രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലേക്കുള്ള യാത്ര തുടരും.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ സംരംഭകർ, നവീന ആശയങ്ങളുടെ വക്താക്കൾ, മാതൃകാ വ്യക്തിത്വങ്ങൾ എന്നിവരുമായി യുവാക്കൾക്ക് നേരിട്ട് സംവദിക്കാൻ അവസരമൊരുക്കുന്ന 15 ദിവസം നീണ്ടുനിൽക്കുന്ന 8,000 കിലോമീറ്റർ സംരംഭക യാത്രയാണ് ജാഗൃതി യാത്ര. അനുഭവാധിഷ്ഠിത പഠനത്തിലൂടെയും സംരംഭങ്ങളുമായും പ്രാദേശിക സമൂഹങ്ങളുമായുള്ള നേരിട്ടുള്ള ആശയവിനിമയത്തിലൂടെയും ഇന്ത്യയിലെ ചെറുനഗരങ്ങളുടെയും ഗ്രാമീണ മേഖലകളുടെയും വികസനത്തിന് സംഭാവന നൽകുന്ന സംരംഭങ്ങൾ കെട്ടിപ്പടുക്കാൻ യുവാക്കളെ പ്രചോദിപ്പിക്കുകയാണ് യാത്രയുടെ ലക്ഷ്യം.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com